## പതിമൂന്നാം കേരള നിയമ സഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2816 02-04-2013 -ലെ മറുപടിക്ക്

# വരൾച്ചാദുരിതാശ്വാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ മന്ത്രി) |
| എ) | സംസ്ഥാനത്ത് വരൾച്ച ബാധിത പ്രദേശങ്ങൾ കേന്ദ്ര സംഘം സന്ദർശിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) | ഉണ്ട്. സംസ്ഥാന സർക്കാർ ഫെബ്രുവരിയിൽ കേന്ദ്ര സർക്കാരിന് മുമ്പാകെ സമർപ്പിച്ച വരൾച്ചാ ദുരിതാശ്വാസ മെമ്മോറാണ്ടത്തിന്റെ വെളിച്ചത്തിൽ 9 അംഗ കേന്ദ്ര സംഘം സംസ്ഥാനത്തെ വരൾച്ചാ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. |
| ബി) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് കേന്ദ്ര സംഘം സന്ദർശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളാണ് കേന്ദ്ര സംഘം സന്ദർശിച്ചത്. |
| സി) | എത്ര കോടി രൂപയാണ് ദുരിതാശ്വാസത്തിനായി സംസ്ഥാനം ചോദിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | സി) | വരൾച്ചാ ദുരിതാശ്വാസത്തിനായി നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 7888.0965 കോടിയുടെ അധിക സാമ്പത്തിക സഹായവും 3936.81 കോടി രൂപയുടെ പ്രത്യേക പാക്കേജിനുമാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്. |
| ഡി) | ഏതെല്ലാം മേഖലകൾക്കുള്ള ആശ്വാസമാണ് സംസ്ഥാനം കൊടുത്ത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ഡി) | കൃഷി, ജലസേചനം, ഭൂജല സംരക്ഷണം, മൃഗസംരക്ഷണം, വൈദ്യുതി എന്നീ മേഖലകളിൽ അധിക സഹായത്തിനാണ് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുള്ളത്. |
| ഇ) | ദുരിതാശ്വാസം സംബന്ധിച്ച് കേന്ദ്ര സംഘത്തിന് സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ? | ഇ) | ഉണ്ട്. സംസ്ഥാന സർക്കാർ, അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന്, സ്വീകരിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ കേന്ദ്ര സംഘം തൃപ്തിരേഖപ്പെടുത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ